# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2012 ഡിസംബർ 19, ബുധൻ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

24 (*211) ജനറിക് മരുന്നുകൾ സൗജന്യമായി നൽകുന്ന പദ്ധതി

ആരോഗ്യവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) നൽകിയ മറുപടിയിൽ, സർക്കാർ ആശുപത്രികളിൽ ജനറിക് മരുന്നുകൾ സൗജന്യമായി നൽകുന്ന പദ്ധതിക്ക് തുടക്കമിട്ടിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. എല്ലാവിധ രോഗങ്ങൾക്കുമുള്ള എല്ലാ മരുന്നുകളും എ.പി.എൽ/ബി.പി.എൽ വ്യത്യാസമില്ലാതെ ആദായനികുതി അടയ്ക്കുന്നവർ ഒഴികെയുള്ള എല്ലാ വിഭാഗം രോഗികൾക്കും നൽകണമെന്ന തീരുമാനം അനുസരിച്ച് ആവശ്യമായ ജനറിക് മരുന്നുകളുടെ ലിസ്റ്റ് തയ്യാറാക്കാൻ നിയോഗിക്കപ്പെട്ട തിരുവനന്തപുരം മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ ചെയർമാനായ കമ്മിറ്റി 327 ഇനങ്ങളുടെ റെഗുലർ ഡ്രഗ് ലിസ്റ്റും, 107 ആന്റി ക്യാൻസർ മരുന്നുകളും, എസ്സൻഷ്യൽ ഡ്രഗ്ഗ് ലിസ്റ്റിൽപ്പെട്ട 518 ഇനങ്ങളും ഉൾപ്പെടെ 952 മരുന്നുകളുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. ഇവയിൽ പൊതുവായി ഉൾപ്പെട്ടിരുന്ന 13

ഇനം മരുന്നുകൾ ഒഴിവാക്കി 939 ഇനം മരുന്നുകളുടെ അന്തിമ ലിസ്റ്റ് തയ്യാറാക്കുകയും ആദ്യഘട്ടമെന്ന നിലയിൽ 2012 നവംബർ 1 മുതൽ അഞ്ച് മെഡിക്കൽ കോളേജുകളിലും തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജനറൽ ആശുപത്രികളിലും സൗജന്യ ജനറിക് മരുന്നു വിതരണം ആരംഭിക്കുകയും ചെയ്തു. ആറ് മാസത്തിനുള്ളിൽ പ്രൈമറി ഹെൽത്ത് സെന്റർ ഉൾപ്പെടെ സംസ്ഥാനത്തെ എല്ലാ ഗവൺമെന്റ് ആശുപത്രികളിലും ഈ പദ്ധതി നടപ്പിലാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴിയാണ് ജനറിക് മരുന്നുകൾ വിതരണം ചെയ്യുന്നത്. 939 ഇനം മരുന്നുകളിൽ 145 ഇനം മരുന്നുകൾ മാർക്കറ്റിൽ ലഭ്യമല്ലാത്തതിനാൽ വിതരണം ചെയ്യാൻ കഴിയുന്നില്ല. ഇവയിൽ ടെണ്ടർ ക്വാട്ട് ചെയ്യാത്തതും എന്നാൽ കാരുണ്യ ഫാർമസിയിൽ ലഭ്യമായതുമായ മരുന്നുകൾ വിതരണം ചെയ്യാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. മാർക്കറ്റിൽ ലഭ്യമല്ലാത്ത മരുന്നുകൾക്ക് പകരം അനുയോജ്യമായ മരുന്നുകൾ നിർദ്ദേശിക്കാൻ കമ്മിറ്റിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. പ്രതിവർഷം 375 കോടിയോളം രൂപയുടെ മരുന്നാണ് മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി വിതരണം ചെയ്യുന്നത്. നീതി മെഡിക്കൽ സ്റ്റോറുകൾ വഴി ജനറിക് മരുന്നുകൾ വിതരണം ചെയ്യുന്നതിനെ സംബന്ധിച്ച് അടുത്ത ഘട്ടത്തിൽ ആലോചിക്കും. ഒമ്പതോളം ലാബുകളിൽ ടെസ്റ്റ് ചെയ്തിട്ടാണ് മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മരുന്നുകൾ വിതരണം ചെയ്യുന്നത്. പരിശോധനയിൽ ഗുണനിലവാരമില്ലാത്ത മരുന്നുകളാണെന്ന് ബോധ്യപ്പെട്ടാൽ അവയ്ക്ക് പേമെന്റ് നൽകാറില്ല. മരുന്ന് നിരോധിക്കാനുള്ള അധികാരം ഗവൺമെന്റ് ഓഫ് ഇൻഡ്യയ്ക്കാണ്. എന്നാൽ ഒരു ബാച്ച് മരുന്ന് ക്വാളിഫൈഡ് അല്ലെന്ന് കണ്ടാൽ സംസ്ഥാനത്തെ ഡ്രഗ്സ് കൺട്രോളർക്ക്

ആ ബാച്ച് മരുന്ന് നിരോധിക്കാം. മെഡിക്കൽ സർവീസസ് കോർപ്പറേഷൻ നാല് കമ്പനികളെയും 35-ഓളം മരുന്നുകളെയും കരിമ്പട്ടികയിൽപ്പെടുത്തിയിട്ടുണ്ട്. അതേസമയം ഗുണനിലവാരമുള്ള മരുന്ന് വില കുറച്ച് നൽകുന്ന കമ്പനികൾക്ക് ആവശ്യമായ പ്രോത്സാഹനവും നൽകും. ജനറിക് മരുന്നുകൾ പ്രിസ്ക്രൈബ് ചെയ്യണമെന്ന കർശന നിർദ്ദേശം ഡി.എം.ഇ./ ഡി.എച്ച്.എസ്. വഴി ഡോക്ടർമാർക്ക് കൊടുത്തിട്ടുണ്ട്. ഇത് സംബന്ധിച്ച് മെഡിക്കൽ എഥിക്സ് പ്രകാരമുള്ള ഗൈഡ്ലൈൻസ് മാത്രമാണുള്ളത്. അതുകൊണ്ട് ഇത് പാലിക്കാത്തവർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കാൻ സംസ്ഥാന ഗവൺമെന്റിന് അധികാരമില്ല. ട്രാവൻകൂർ-കൊച്ചിൻ മെഡിക്കൽ കൗൺസിലിൽ ചർച്ച ചെയ്ത് ഓൾ ഇൻഡ്യ മെഡിക്കൽ കൗൺസിലിനോട് ഇത് സംബന്ധിച്ച് അഭിപ്രായം ആരാഞ്ഞിട്ടുണ്ട്. സംസ്ഥാനത്ത് തിരുവനന്തപുരത്ത് മാത്രമാണ് ഡ്രഗ് ടെസ്റ്റിംഗ് ലാബ് ഉള്ളത്. അടുത്ത വർഷം കാക്കനാട് പുതിയ ടെസ്റ്റിംഗ് ലാബ് പ്രവർത്തനം ആരംഭിക്കുമെന്നും കോന്നി, തൃശൂർ, കോഴിക്കോട് എന്നിവിടങ്ങളിൽക്കൂടി ടെസ്റ്റിംഗ് ലാബുകൾ ആരംഭിക്കുന്നതിന് നടപടികളെടുത്തിട്ടുണ്ടെന്നും ഒരുപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.

25 (*212) <u>ദേശീയ ഔഷധ നയം</u>

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, കേന്ദ്ര സർക്കാർ അംഗീകരിച്ച ഔഷധ വിലനയത്തിൽ മൂവിംഗ് ആനുവൽ ടേൺ ഓവർ അഥവാ വാർഷിക വിറ്റുവരവ് ഒരു ശതമാനമോ അതിലധികമോ ഉള്ള ഉത്പന്നങ്ങളുടെ സാധാരണ ശരാശരി വില (സിമ്പിൾ ആവറേജ് പ്രൈസ്) യുടെ അടിസ്ഥാനത്തിലുള്ള ഫോർമുല

പ്രകാരം പരിധിവില നിശ്ചയിക്കുമെന്നാണ് വ്യക്തമാക്കിയിരിക്കുന്നതെന്ന് സഭയെ അറിയിച്ചു. ഇപ്രകാരം പരിധി വില നിശ്ചയിക്കുമ്പോൾ ഭൂരിപക്ഷം രോഗികൾക്കും ഗുണമേന്മയുള്ള മരുന്നുകൾ കുറഞ്ഞ വിലയ്ക്ക് ലഭ്യമാകുമെന്നതിനാലും കമ്പോളമത്സരംമൂലം മരുന്നുകളുടെ വില കാര്യമായി കുറയുമെന്നതിനാലും ഔഷധ വിലനയത്തിന്റെ മിക്ക വ്യവസ്ഥകളും കേരള സർക്കാർ അംഗീകരിക്കുന്നു. ഒക്ടോബർ 1 മുതൽ ജനറിക് മരുന്നുകളുടെ ഉത്പാദനത്തിന് മാത്രമേ ലൈസൻസ് നൽകുകയുള്ളൂ. 348 ഇനം മരുന്നുകളും അതിന്റെ കോമ്പിനേഷനുകളുമടക്കം 600-ഓളം മരുന്നുകളെ വില നിയന്ത്രണ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇവയൊഴികെ പേറ്റന്റ് ലഭിച്ചിട്ടുള്ള മരുന്നുകൾകൂടി പട്ടികയിൽ ഉൾപ്പെടുത്തുന്ന കാര്യത്തിൽ തീരുമാനമെടുക്കുന്നതിനായി കേന്ദ്ര ഗവൺമെന്റ് ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. മരുന്നുവില നിയന്ത്രണം സംബന്ധിച്ച സംസ്ഥാനത്തിന്റെ അഭിപ്രായം കേന്ദ്ര ഗവൺമെന്റിനെ അറിയിക്കുമെന്നും മരുന്നുഗവേഷണവുമായി ബന്ധപ്പെട്ട് സയൻസ് ആന്റ് ടെക്നോളജി സെക്രട്ടറി ചെയർമാനായി ഒരു സമിതിയെ നിയോഗിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

26 (*213) <u>ടൂറിസം മേഖലയുടെ വികസനം</u>

പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ) നൽകിയ മറുപടിയിൽ, ടൂറിസം കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിനും പുതിയ ടൂറിസം കേന്ദ്രങ്ങൾ കണ്ടെത്തി വികസിപ്പിക്കുന്നതിനും പരിസ്ഥിതി സംരക്ഷണത്തിന് ഊന്നൽ നൽകിക്കൊണ്ടും സാംസ്കാരിക പൈതൃകത്തിന് കോട്ടം തട്ടാതെ

യുമുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടെന്ന് സഭയെ അറിയിച്ചു. പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ മാസ്റ്റർ പ്ലാനുകളുടെ സഹായ ത്തോടെ ആസൂത്രിത വികസന പ്രവർത്തനങ്ങളും സീപ്ലെയിൻ പദ്ധതിയും നടപ്പിലാക്കുന്നതാണ്. സർവ്വകലാശാലകളും ടൂറിസം വകുപ്പിന് കീഴിൽ കിറ്റ്സ് തുടങ്ങിയ സ്ഥാപനങ്ങളും ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് കോഴ്സു കൾ നടത്തുന്നുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ ഹുണാർ-സേ-റോസ്ഗാർ പദ്ധ തിയിൽപ്പെടുത്തി കൊച്ചി, തിരുവനന്തപുരം, കോഴിക്കോട് എന്നിവിടങ്ങളിൽ ട്രെയിനിംഗ് സെന്ററുകൾ ആരംഭിച്ച് ആദ്യഘട്ടത്തിൽ 300 ഓളം പേർക്ക് പരിശീലനം കൊടുക്കാൻ തീരുമാനിച്ചിട്ടുണ്ട്. വയനാട് മാസ്റ്റർ പ്ളാൻ നടപ്പാ ക്കുന്നതിനും കൊല്ലം ജില്ലയിലെ ആലപ്പാട് പ്രദേശത്തിന്റെ ടൂറിസം സാധ്യത കൾ പ്രയോജനപ്പെടുത്തുന്നതിനും പാലക്കാട് ജില്ലയിലെ അട്ടപ്പാടി-ശിരുവാണി-നെല്ലിയാമ്പതി-പറമ്പിക്കുളം മേഖലകളെ ബന്ധിപ്പിച്ചുകൊണ്ടുള്ള ഒരു ടൂറിസം സർക്യൂട്ട് ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. വർക്കലയിൽ കേന്ദ്രസഹായത്തോടെയുള്ള പദ്ധതികൾ നടപ്പിലാക്കുന്നതാണ്. ആലപ്പുഴ മെഗാപ്രോജക്ടിന് കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരം ലഭിച്ചിട്ടു ണ്ടെന്നും ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് നടപ്പാക്കേണ്ട കാര്യങ്ങൾ സംബ ന്ധിച്ച് ജില്ലയിലെ എം.എൽ.എ. മാരുമായി ചർച്ച നടത്തുമെന്നും നിലവി ലുള്ള ടൂറിസം ഡെസ്റ്റിനേഷൻ കൗൺസിലുകൾ ശക്തിപ്പെടുത്തുന്നതിനും പുതിയവ രൂപീകരിക്കുന്നതിനും നടപടി സ്വീകരിക്കുമെന്നും ഉപചോദ്യ ങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു. .

27 (*214) ശരണ്യ തൊഴിൽ പദ്ധതി

തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി (ശ്രീ. ഷിബു ബേബി ജോൺ) നൽകിയ മറുപടിയിൽ, സമൂഹത്തിലെ സാമ്പത്തികമായും സാമൂഹികമായും പിന്നോക്കം നിൽക്കുന്ന അശരണരും തൊഴിൽ രഹിതരുമായ സ്ത്രീകളെ ശാക്തീകരിച്ച് സ്വയം തൊഴിൽ ചെയ്യാൻ പ്രാപ്തരാക്കുകയും ആയതിന് ധനസഹായം നൽകുകയും അതുവഴി തൊഴിലില്ലായ്മ ഒരു പരിധി വരെ കുറയ്ക്കുകയുമാണ് നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് മുഖാന്തിരം നടപ്പാക്കുന്ന ശരണ്യ പദ്ധതിയുടെ ഉദ്ദേശമെന്ന് സഭയെ അറിയിച്ചു. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളവരും വാർഷിക കുടുംബവരുമാനം ഒരു ലക്ഷം രൂപയിൽ കവിയാത്തവരും, പ്രായം 18-നും 55-നും മദ്ധ്യേയുള്ള (അവിവാഹിതകൾ ഒഴികെ) വിധവകൾ, നിയമാനുസൃതം വിവാഹബന്ധം വേർപെടുത്തിയവർ, 30 വയസ്സു കഴിഞ്ഞ അവിവാഹിതകൾ, ഭർത്താവ് ഉപേക്ഷിക്കുകയോ/ഭർത്താവിനെ കാണാതാവുകയോ ചെയ്തവർ, പട്ടികവർഗ്ഗത്തിലെ അവിവാഹിതകളായ അമ്മമാർ എന്നീ വിഭാഗത്തിലുള്ള വനിതകൾക്കാണ് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നത്. ഇതിനായി സമർപ്പിക്കുന്ന പ്രോജക്ടിന് അനുസരിച്ച് ഒരു പദ്ധതിക്ക് പരമാവധി 50,000/- രൂപ വരെയാണ് വായ്പ അനുവദിക്കുന്നത്. എന്നാൽ ഒഴിച്ചുകൂടാനാകാത്ത സാഹചര്യത്തിൽ ഒരു ലക്ഷം രൂപ വരെ അനുവദിക്കുന്നതാണ്. 50,000/- രൂപ വരെ പലിശരഹിത വായ്പയായും ഇതിന്റെ 50 ശതമാനം, പരമാവധി 25,000/- രൂപ വരെ സബ്സിഡിയായും അനുവദിക്കുന്നു. 50,000/- രൂപയ്ക്കു മേലുള്ള സംഖ്യയ്ക്ക് 3 ശത

മാനം പലിശ (ഫ്ളാറ്റ് നിരക്കിൽ) നൽകേണ്ടതാണ്. കളക്ടർ, സോഷ്യൽ വെൽഫെയർ ഓഫീസർ, ജില്ലാ മിഷൻ കോ-ഓർഡിനേറ്റർ, എംപ്ലോയ്മെന്റ് ഓഫീസർ എന്നിവരടങ്ങുന്ന സമിതിയാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. ഫസ്റ്റ് കം ഫസ്റ്റ് ബേസിസിലാണ് ഇത് കൊടുത്തുകൊണ്ടിരുന്നത് എന്നാൽ ഇപ്പോൾ അപേക്ഷകരുടെ ബാഹുല്യം കണക്കിലെടുത്ത് സ്ക്രൂട്ടിനി നടത്തുന്നതിന് ഒരു മാനദണ്ഡമുണ്ടാക്കുന്നതിനെക്കുറിച്ച് ആലോചിക്കുകയാണെന്ന് ഒരുപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.

28 (*215) <u>ശബരിമലയിൽ എത്തുന്ന ഭക്തജനങ്ങളുടെ സുരക്ഷ</u>

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, വിവിധ വഴികളിലൂടെ ശബരിമലയിലെത്തുന്ന ഭക്തജനങ്ങൾക്ക് ഇടത്താവളങ്ങളിൽ സൗകര്യം ഒരുക്കുന്നതിന് തിരുവിതാംകൂർ ദേവസ്വം ബോർഡിനും ജില്ലാ കളക്ടർമാർക്കും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. മിനി പമ്പയിൽ ഒരു അയ്യപ്പ ഭക്തൻ മുങ്ങി മരിച്ചതിനെ സംബന്ധിച്ച് 17/11/2012-ന് വന്ന പത്ര വാർത്തയെത്തുടർന്ന് ബഹു. ഹൈക്കോടതി സ്വമേധയാ കേസ്സെടുക്കുകയും 17/11/2012-ലെ ഹൈക്കോടതിയുടെ വിധിന്യായത്തിൽ മുൻ വർഷങ്ങളിൽ വിനോദ സഞ്ചാര വകുപ്പ് ലൈഫ് ഗാർഡിനെ നിയമിച്ചിരുന്നെന്നും ഇപ്പോഴും ലൈഫ് ഗാർഡിന്റെ അശ്രാന്ത പരിശ്രമം ഉണ്ടായിട്ടും തീർത്ഥാടകനെ മുങ്ങി മരണത്തിൽ നിന്നും രക്ഷിക്കാൻ സാധിച്ചില്ലെന്നും അഭിപ്രായപ്പെടുകയും ഈ സാഹചര്യത്തിൽ സീസൺ കാലത്ത് ഇടത്താവളങ്ങളിൽ പ്രത്യേകിച്ച് നദികളോടുചേർന്നുള്ള ഇടത്താവളങ്ങളിൽ ലൈഫ് ഗാർഡുമാരുടെ സേവനം ലഭ്യമാക്കുന്നതിനെ

സംബന്ധിച്ചും മറ്റ് ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിനെ സംബന്ധിച്ചും വിവരം നൽകണമെന്ന് ബഹു. ഹൈക്കോടതി നിർദ്ദേശിക്കുകയും ചെയ്തു. തുടർന്ന് കോട്ടയം, ഇടുക്കി, പത്തനംതിട്ട എന്നീ ജില്ലകളിലെ കളക്ടർമാർക്കും, പോലീസ് സൂപ്രണ്ടുമാർക്കും, ജലവിഭവ വകുപ്പ് ചീഫ് എഞ്ചിനീയർക്കും കോടതി വിധിയിലെ നിർദ്ദേശം അടിയന്തരമായി നടപ്പിലാക്കുന്നതിനും നദിയുടെ കടവുകളിലും ഇടത്താവളങ്ങളിലും വിവിധ ഭാഷകളിലുള്ള മുന്നറിയിപ്പു ബോർഡുകൾ സ്ഥാപിക്കുന്നതിനുമുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനുപുറമേ മിനി പമ്പ ഇടത്താവളമായി പ്രഖ്യാപിക്കുകയും ഇതിലേയ്ക്കായി 10 ലക്ഷം രൂപ മലപ്പുറം ജില്ലാ കളക്ടർക്ക് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. പുല്ലുമേട് ദുരന്തം അന്വേഷിച്ച ഹരിഹരൻ നായർ കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് ഒരുപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി 216 മുതൽ 240 വരെയുള്ള ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 2472 മുതൽ 2821 വരെയുള്ള ചോദ്യങ്ങളിൽ 103 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം മറുപടി നൽകി)